M 8848

Reg. No.: ...................................

Name : ......................................

DON BOSCO ARTS AND SCIENCE COLLEGE LIBRARY

**I Semester B.Com./B.B.A./B.B.M./B.B.A. T.T.M. (Supple./Impt.) Degree Examination, November 2010**

**MALAYALAM (Common)**

**Course No. 1 – 1 A 071 MAL : മലയാള സാഹിത്യ ഗണങ്ങൾ**

**(2009 Admn.)**

Time : 3 Hours                                                                 Total Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം 1 **(4×1=4 Weightage)**

1) "പിന്നീടൊരിക്കൽ ആരോ അവിടൊരു
ദീപം കൊളുത്തി വച്ചു.
തുടർന്ന് എല്ലാ ദിവസവും അവിടെ ദീപങ്ങൾ തെളിഞ്ഞു."

a) ഏതു കവിതയിലേതാണ് ഈ വരികൾ ?

b) ദീപം കൊളുത്തിയത് എവിടെയാണ് ?

c) ഇത് എഴുതിയ കവിയുടെ പേരെന്ത് ?

d) ഏതു സമാഹാരത്തിലേതാണ് ഈ കവിത ?

2) "എപ്പോഴും ഇങ്ങനെ വൃദ്ധനെന്ന് പിറുപിറുക്കുന്നത് ഒരു ചക്രവർത്തിക്കു ചേർന്നതല്ല"

a) ആരുടേതാണ് ഈ വാക്കുകൾ ?

b) ആരോടാണിതു പറയുന്നത് ?

c) ഏതു കൃതിയിൽ നിന്നാണ് ഇതെടുത്തത് ?

d) ഇതിന്റെ രചയിതാവ് ആര് ?

3) തെറ്റു തിരുത്തുക.

a) മറ്റു ഗത്യന്തരമില്ലാതെ അയാൾ വീട്ടിലേക്ക് തിരിച്ചു വന്നു.

b) പുതിയ പുസ്തകങ്ങൾ വാങ്ങാൻ മാത്രമായി ഞാൻ നൂറു രൂപ ചെലവാക്കി.

c) നല്ല വെയിലുള്ള സമയത്തിൽ പുറത്തിറങ്ങരുത്.

d) കണക്ക്, ചരിത്രം, ഇംഗ്ലീഷ് എന്ന വിഷയങ്ങളിലാണ് അവൾ തോറ്റത്

4) ''ഏഴു വയസ്സു മുതൽ സഹിക്കുന്നതാ ഈ അപമാനം. ഇനി ഒന്നും എന്നെക്കൊണ്ട് കയ്യില്ല. ആ നരകത്തു കിടന്നു പുഴുത്തു ചാകുന്നെങ്കിൽ ചാകട്ടെ''

a) ആരാണ് ഇതു പറയുന്നത് ?

b) ആരോടാണ് പറയുന്നത് ?

c) നരകം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്ത് ?

d) ഏതു കൃതിയിലേതാണ് ഈ വാക്കുകൾ ?

5) ''സ്വയം ജീവിക്കാനറിയുന്ന ഒരാൾക്കു മാത്രമേ മറ്റുള്ളവർക്കു ജീവിതം പറഞ്ഞു കൊടുക്കാനുള്ള അവകാശമുള്ളൂ.''

a) ആരാണ് ഇങ്ങനെ പറയുന്നത് ?

b) ആരോടാണ് പറയുന്നത് ?

c) പറയാനുണ്ടായ സാഹചര്യം എന്ത് ?

d) പ്രസ്തുത വാചകം ഉൾക്കൊള്ളുന്ന കൃതി ഏതു വിഭാഗത്തിൽപ്പെടുന്നു ?

II. എഴുപത്തഞ്ചു വാക്കിൽ കവിയാതെ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

**(4×1=4 Weightage)**

6) ബേപ്പൂരിലെ മുസ്ലീങ്ങൾക്ക് ബഷീറിനോട് ചില്ലറ പ്രശ്നങ്ങൾ ഉണ്ടാകാനുള്ള കാരണങ്ങൾ വിവരിക്കുക.

7) ''ഒരു നാണവുമില്ലാതെ ഞാൻ പറയാം ജീവിതത്തിലൊരിക്കലെങ്കിലും എനിക്കൊരു പുരുഷനെ അറിയണം സ്നേഹിക്കണം'' – ആരാണിതു പറയുന്നത് ? സന്ദർഭം വിശദീകരിക്കുക.

8) ഭാഷയുടെ മുഖ്യ ധർമ്മങ്ങൾ എഴുതുക.

9) 'വേദം' എന്ന കവിതയുടെ വായനാനുഭവം പങ്കുവയ്ക്കുക.

10) നന്ദ കൊട്ടാരം വിട്ടു പോവാത്തതിന്റെ കാരണങ്ങൾ വിശദീകരിക്കുക.

III. നൂറ്റമ്പതു വാക്കിൽ കവിയാതെ **അഞ്ചെണ്ണത്തിന്** ഉത്തരമെഴുതുക.

**(5×2=10 Weightage)**

11) ''ഞാൻ തനിച്ചായി. ഞാൻ ആ സുഗന്ധം പരത്തുന്ന ചുവന്ന റോസാപ്പൂവു കൈയ്യിലെടുത്തു നോക്കിക്കൊണ്ട് ആ പെരുവഴിയിൽ സ്തബ്ധനായി വളരെ നേരം നിന്നു.'' – ഇങ്ങനെ നിൽക്കാനുണ്ടായ കാരണവും സന്ദർഭവും വിശദീകരിക്കുക.

 

BOSCO ARTS AND SCIENCE COLLEGE LIBRARY ANGADIKADAVU

12) ചരിത്രത്തിൽ നിന്നുള്ള പാഠങ്ങളൊന്നും ആരും പഠിച്ചിട്ടില്ല സ്നേഹിതാ'' – 'പാത' ഇങ്ങനെ വിലപിക്കുന്നതെന്തുകൊണ്ട് ? വിശദീകരിക്കുക.

13) ഭാവഭാഷ എന്നാൽ എന്ത് ? വിശദമാക്കുക.

14) മാമുക്കോയയുടെ ജീവിതകഥയിൽ തെളിഞ്ഞു വരുന്ന കോഴിക്കോടൻ കലാകാരന്മാരെക്കുറിച്ച് വിവരിക്കുക.

15) 'പ്രവാചകൻ' എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

16) കുടുംബ ജീവിതം ആഗ്രഹിക്കുന്ന സ്ത്രീ അഭിമുഖീകരിക്കേണ്ടി വരുന്ന സന്ദിഗ്ദ്ധതകൾ 'അടുക്കള' എന്ന നാടകത്തിൽ എത്രത്തോളം ശക്തമായി ആവിഷ്കരിക്കുന്നു ? – വിശദീകരിക്കുക.

IV. മുന്നൂറു വാക്കിൽ കവിയാതെ **മൂന്നെണ്ണത്തിന്** ഉത്തരമെഴുതുക.

**(3×4=12 Weightage)**

17) അസാധാരണമായ ഒരു പ്രേമകഥയാണ് 'മതിലുകൾ'. ചർച്ച ചെയ്യുക.

18) ''സ്ത്രീയുടെ വ്യക്തിത്വവും സ്വാതന്ത്ര്യവും സംബന്ധിച്ചുള്ള നിലപാടുകളുടെ ആവിഷ്കരണമെന്ന നിലയിൽ 'അടുക്കള' സാമൂഹ്യ പ്രസക്തിയുള്ള നാടകമായി മാറുന്നു.'' – ഉപന്യസിക്കുക.

19) മാമുക്കോയയുടെ ജീവിതകഥ ഒരു സാംസ്ക്കാരിക ചരിത്രമായി വളരുന്നു എന്ന പ്രസ്താവനയുടെ പൊരുൾ പരിശോധിക്കുക.

20) ഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് വിവരിക്കുക.

---